ലിമിറ്റഡ് ടെൻഡർ നമ്പർ : പി-3/ 4791(A)/2022/എസ്.എസ്.കെ. തിയതി :24.08.2022

## ടെണ്ടർ പരസ്യം

സംസ്ഥാനതല ഓണം വാരാഘോഷം 2022 ന്റെ ഭാഗമായി ഓണാഘോഷ സമാപന ഘോഷ യാത്രയിൽ ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് സ.ഉ.കൈ.നം.11/2022/TSM തീയതി 22.08.2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ പ്രൗഢഗംഭീരമായ ഫ്ളോട്ട് തയാറാക്കി ഘോഷയാത്രയിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഫ്ളോട്ടിന്റെ തീം 'സമത്വം-സമഗ്രം-സമ്പൂർണം'- പൊതുവിദ്യാഭ്യാസം എന്ന് നിശ്ചയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മികവാർന്ന സമ്പുഷ്ടമായ ഫ്ളോട്ട് തയാറാക്കി നൽകുന്നതിന് അംഗീകൃത ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ലിമിറ്റഡ് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ ചുവടെ പറയുന്ന സ്പെസിഫിക്കേഷൻ/നിബന്ധനകൾ പാലിച്ചുകൊണ്ടായിരിക്കണം സമർപ്പിക്കേണ്ടത്.

**സ്പെസിഫിക്കേഷൻ/നിബന്ധനകൾ**

1. മനോഹരമായ ഫ്ളോട്ട് നിർമിക്കുന്നതിന് അനുവദിക്കുന്ന പരമാവധി തുക 4 ലക്ഷം രൂപയായിരിക്കും. സ്കെച്ച് ഉൾപ്പെടെ തയാറാക്കി നൽകേണ്ടതാണ്.
2. 2022 സെപ്റ്റംബർ 12 ന് തിരുവനന്തപുരത്തു വച്ചു നടക്കുന്ന വർണപ്പൊലിമയോടു കൂടിയ ഓണാഘോഷ സമാപന ഘോഷയാത്രയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അവതരിപ്പിക്കുന്ന ഫ്ളോട്ട് കൃത്യതയോടെ തയാറാക്കി സെപ്റ്റംബർ 11 ന് വൈകുന്നേരം 5 മണിക്ക് മുൻപ് ഘോഷയാത്ര ആരംഭിക്കുന്ന കവടിയാറിനടുത്ത് എത്തിക്കണം.
3. ഫ്ളോട്ട് തയാറാക്കുന്നതിനുള്ള തീം "സമത്വം സമഗ്രം സമ്പൂർണം"- പൊതുവിദ്യാഭ്യാസം എന്നതാണ്.
4. ഫ്ളോട്ട് തയാറാക്കുന്നത് വലിയ ലോറിയുടെ/വാഹനത്തിനു പുറത്തായിരിക്കണം. ഘോഷയാത്രയിൽ വാഹനത്തിന്റെ ഡ്രൈവർ ഘോഷയാത്ര ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതു വരെ കർമനിരതനായിരിക്കണം.
5. ഫ്ളോട്ട് തയാറാക്കുന്നതിന് ഉപയോഗിക്കുന്ന എല്ലാ മെറ്റീരിയലുകളും കഴിയാവുന്നത്ര ഗ്രീൻ പ്രോട്ടോകോൾ കൃത്യമായി പാലിച്ച് കണ്ടെത്തേണ്ടതാണ്.
6. നിർദിഷ്ഠ തീം-ന്റെ വെളിച്ചത്തിൽ ഫ്ളോട്ടിന്റെ മിനിയേച്ചർ മാതൃക തയാറാക്കി സമഗ്രശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും തുടർന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമാണം ദ്രുതഗതിയിൽ ആരംഭിച്ച് എത്രയും വേഗം പണി പൂർത്തിയാക്കേണ്ടതുമാണ്.
7. വിവാദങ്ങൾക്കിട നൽകാതെയും, എല്ലാവർക്കും ഇഷ്ടപ്പെടുന്നതരത്തിലും ഒറ്റനോട്ടത്തിൽ മനസിലാകുന്ന തരത്തിലും ഫ്ളോട്ട് തയാറാക്കുന്നതിന് ശ്രദ്ധിക്കണം.
8. ഘോഷയാത്ര കവടിയാറിൽ നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ അവസാനിക്കുന്നതുവരെ വേണ്ട എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കണം.
9. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 31.08.2022 വൈകുന്നേരം 4 മണി
10. ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 31.08.2022 വൈകുന്നേരം 4.30 മണി
11. കവറിനു മുകളിൽ 'ഓണംവാരാഘോഷം 2022 ഫ്ളോട്ട് തയാറാക്കുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
12. ടെണ്ടറിനൊപ്പം പരമാവധി അനുവദിക്കുന്ന തുകയുടെ (4 ലക്ഷം) 2.5% EMD ആയി നൽകേണ്ടതാണ്.

EMD സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ദേശവൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി. ആയി ടെണ്ടറിനൊപ്പം നൽകേണ്ടതാണ്.

14. സർക്കാർ, EMD/സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ അപ്രകാരം ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ടെണ്ടറിനൊപ്പം നൽകേണ്ടതാണ്.

15. ടെണ്ടറിൽ വിജയിക്കാത്ത സ്ഥാപനങ്ങളുടെ EMD ഉടൻ തിരികെ നൽകുന്നതാണ്.

16. ടെണ്ടറിൽ വിജയിക്കുന്ന സ്ഥാപനം/ഏജൻസി/വ്യക്തി ടെണ്ടർ തുകയുടെ 5% (EMD തുക ഉൾപ്പടെ) സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്ത പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതാണ്.

17. സെക്യൂരിറ്റി ഡെപ്പോസിറ്റ് താഴെ പറയുന്ന ഏതെങ്കിലും രീതിയിൽ നൽകാവുന്നതാണ്.

   a. ക്യാഷ്
   b. ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള ഡി.ഡി.
   c. ട്രഷറി സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ്
   d. പോസ്റ്റ്ഓഫീസ് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ്

18. EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്ക് പലിശ ലഭിക്കുന്നതല്ല.

19. വർക്ക് ഓർഡർ ലഭിച്ച ശേഷവും സെക്യൂരിറ്റി ഡെപ്പോസിറ്റ്, എഗ്രിമെന്റ് എന്നിവ നൽകാത്ത പക്ഷം EMD തുക കണ്ടുകെട്ടുന്നതാണ്.

20. ടെണ്ടറിൽ വിജയിക്കുന്ന സ്ഥാപനങ്ങൾ GST, PAN നമ്പർ എന്നിവ നൽകേണ്ടതാണ്.

21. ടെണ്ടർ ഫീസ് 800/- (0.2% of 4 ലക്ഷം)

ടെണ്ടർ തുറക്കുന്ന സമയത്ത് ടെണ്ടർ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയോ ഏജൻസികളുടെയോ വ്യക്തികളുടെയോ ഉത്തരവാദിത്വപ്പെട്ട പ്രതിനിധികൾക്ക് ഹാജരാകാവുന്നതാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം/ഏജൻസി/വ്യക്തി സമഗ്രശിക്ഷാ കേരളം സംസ്ഥാന പ്രോജക്ട് ഡയറക്ടർക്ക് 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതും തുടർന്ന് യുദ്ധകാലടിസ്ഥാനത്തിൽ ഫ്ളോട്ട് തയാറാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. കൃത്യതയോടെ അല്ലാതെയും വൈകിയും ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ഏതൊരു ടെണ്ടറും യാതൊരു കാരണവും വിശദീകരിക്കാതെ നിരസിക്കുന്നതിനുള്ള അവകാശം ചുവടെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്. നിബന്ധനകൾ/സ്പെസിഫിക്കേഷനുകൾ പാലിക്കാത്ത തരത്തിൽ തയാറാക്കുന്ന എപ്പിസോഡുകൾക്ക് പണം അനുവദിക്കുന്നതല്ല.

ഫ്ളോട്ട് നിർമാണം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സമഗ്രശിക്ഷാ, കേരളം സംസ്ഥാന പ്രോജക്ട് ഓഫീസ് കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ്. (Ph no. 04712320352)

ടെണ്ടറുകൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ, കേരളം എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കത്തക്ക വണ്ണം സമർപ്പിക്കേണ്ടതാണ്. GST അടക്കമുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ ഒരിക്കലും ആവശ്യപ്പെടാൻ പാടില്ലാത്തതും അപ്രകാരം തുക വർധിപ്പിച്ചു നൽകുന്നതുമല്ലാത്തതുമാകുന്നു.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി